# എൻ.എസ്.എസ് ഗേൾസ് ഹൈസ്കൂൾ


## പെരുന്ന, ചങ്ങനാശ്ശേരി

# TECHNO KITE






# മാർഗ്ഗദീപം



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : മിനി. പി.ജി (എച്ച്.എം)

സ്റ്റാഫ് എഡിറ്റർ : ലത ഗോപാലകൃഷ്ണൻ

സ്റ്റുഡന്റ് എഡിറ്റർ : പ്രീത. എസ്

**അംഗങ്ങൾ**

മീനാക്ഷി പ്രകാശ്

ദേവിക സുനിൽ

ദീപ ഓമനക്കുട്ടൻ

അധോഷജ

ഹസീന

ദേവിക



**ഉപദേശകസമിതി**

ആർ.സുരേഖ

ആർ. ഹരിശങ്കർ

പി.എസ്. ശോഭന

എൽ. ഉദയശ്രീ

എൻ. ശ്രീലത

എസ്. ശ്രീലത

എസ്. ശ്രീകല

ആർ. രമ്യ

വിദ്യാകൃഷ്ണൻ

# എഡിറ്റോറിയൽ

ബോധിവൃക്ഷത്തിന്റെ നിഴൽപ്പാടുകളിൽ
അജ്ഞാനത്തിന്റെ മറ നീക്കിയ ബോധിസത്വൻ....
ദിഗ്വജയപ്പടവുകൾ താണ്ടി സർവജ്ഞ പീഠമേറിയോർ...
ഇവരെല്ലാം...
വിദ്യയർത്ഥിക്കുന്നവരുടെ വഴിവിളക്കുകളാണ്....
കുരുന്നുകളുടെ ഉൾക്കണ്ണു തുറക്കുന്ന സൂര്യതേജസ്സുകളാണ്...
അക്ഷരപ്പെരുമയുടെ അകത്തളങ്ങൾ
എന്നും ജ്ഞാനാർത്ഥികളുടെ സംഗമഭുവാണ്.
സർഗ്ഗവാസനകൾക്ക് പ്രേരണ നൽകുന്ന
വിളഭൂമിയാണ്.
കലയുടെ നിലാവെളിച്ചം മേയുന്ന
താഴ്വാരമാണ്.
അറിവിന്റെ അന്നം പകർന്നുകൊടുക്കുന്ന
ശാന്തിതീരമാണ്.
സർഗ്ഗവാസനയുടെ ''ടെക്നോകൈറ്റി''ൽനിന്നും
പുഷ്പാർച്ചനയായ് ഇതു സമർപ്പിക്കട്ടെ.

ചീഫ് എഡിറ്റർ
പ്രീത. എസ്

# ആശംസകൾ

പ്രിയപ്പെട്ടവരെ,

ആധുനിക വിവരസാങ്കേതിക വിദ്യയുടെ രംഗത്ത് നമ്മൾ വളർച്ചയുടെ പടവുകൾ കയറികൊണ്ടിരിക്കുകയാണ്. അതിവിശാലമായ അറിവിന്റെ ലോകം ഇന്ന് നമ്മുടെ വിരൽതുമ്പിൽ ലഭ്യമാണ്. ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

എന്ന്

ഹെഡ്മിസ്ട്രസ്

മിനി. പി.ജി

# സമർപ്പണം

പെരുന്ന എൻ.എസ്.എസ് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പുറത്തിറിക്കുന്ന ഡിജിറ്റൽ മാഗസിൻ ആണ് ടെക്നോകൈറ്റ്സ്. ഒരു കാലത്ത് കയ്യെഴുത്തു മാഗസിനുകൾ കുട്ടികളിലെ സർഗ്ഗാത്മക സാഹിത്യവാസനകളെ പരിപോഷിപ്പിച്ചിരുന്നു. എല്ലാ രംഗത്തും കമ്പ്യൂട്ടർവല്ക്കരണം നടന്നതോടുകൂടി ഡിജിറ്റലൈസേഷന് പ്രാധാന്യമേറി. അതോടു കൂടി കയ്യെഴുത്തു മാസികയും സ്കൂൾ മാഗസിനുമൊക്കെ ഡിജി റ്റൽ മാഗസിനുകളായി മാറ്റപ്പെട്ടു. ഈ സ്കൂളിലെ ഡിജിറ്റൽമാഗ സിൻ ടെക്നോകൈറ്റ്സ് ഇ-വായനക്കാർക്കായി അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

പ്രീത. എസ്

IX A



സരസ്വതീ നമസ്തുഭ്യം

വരദേ കാമരൂപിണി

വിദ്യാരംഭം കരിഷ്യാമീ

സിദ്ധിർ ഭവതുമേ സദാ .......

# ആചാര്യാനുസ്മരണം

മഹിതസേവന മന്ദാരദാരുവിൽ
മലർവിരിച്ച മരതകച്ഛായയിൽ
അവശലോകത്തെ ആനയിച്ചാനയിച്ച-
വധിയില്ലാത്ത ശാന്തിയേകി സ്വയം.
അനുദിനം മാനവോത്കർഷകീർത്തിതൻ
അടിയുറപ്പിനായ് അർപ്പിച്ചു ജീവിതം.
വിലസും ഉജ്ജ്വലതാരകനായക
വിമലദീപമേ നീണാൾ ജയിക്ക നീ....
നീണാൾ ജയിക്ക നീ ........

# താളുകളിലൂടെ


പേജ്

- ഗാന്ധിജിയെ മറന്ന ഭാരതം 10
- പുളിയൻ മുന്തിരിങ്ങ 11
- അഗ്നിച്ചിറകുകളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയ കർമ്മയോഗി 12
- കേരളം ഒറ്റനോട്ടത്തിൽ 13
- കേരളചരിത്രത്തിൽ ആദ്യസ്ഥാനങ്ങൾ 14
- കാട്ടിലെ കാനേഷുമാരി 15
- ഭൂമിയുടെ ഹൃദയത്തിന് പ്ലൂട്ടോയുടെ വലിപ്പം 16
- ഐ.റ്റി ക്വിസ് 17
- ഐ.റ്റി ക്വോട്ട്സ് 18
- ടെക്നോളജി ഫാക്ട്സ് – കമ്പ്യൂട്ടർ 19
- ടെക്നോളജി ഫാക്ട്സ് – ഇന്റർനെറ്റ് 20
- ടെക്നോളജി വേർഡ് സേർച്ച് 21
- സോഫിയ (റോബോട്ട്) 22

# ഗാന്ധിജിയെ മറന്ന ഭാരതം

“ഗാന്ധിയൻ ജീവിതദർശനത്തിന് പ്രസക്തിയുണ്ടോ” എന്ന വിഷയത്തെക്കുറിച്ച് നാടിന്റെ പല ഭാഗങ്ങളിലും ചർച്ചകൾ സംഘടിപ്പിക്കപ്പെടുന്നത് നാം കാണാറുണ്ട്. ഘോരമായ അന്ധകാരത്തിൽ സൂര്യപ്രകാശത്തിന് പ്രസക്തിയുണ്ടോ എന്ന് ചർച്ച ചെയ്യുന്നതുപോലെ ബുദ്ധിശൂന്യമായ ചർച്ചയാണത്. രാഷ്ട്രീയത്തിലെന്നല്ല; ജീവിതത്തിന്റെ ഏതുതുറയിലും വിജയം കൈവരിക്കണമെങ്കിൽ അല്പമായെങ്കിലും കാപട്യവും അസത്യവും, അധർമ്മവും ആവശ്യമാണ് എന്ന് വിശ്വസിക്കുന്നവരാണ് ഭൂരിഭാഗം ജനങ്ങളുംഎന്നു പറയുന്നതിൽ അതിശയോക്തിയില്ല. എന്നാൽ ധനത്തിന്റെയും സാങ്കേതികവിദ്യയുടെയും ശാസ്ത്രത്തിന്റെയും, അതിൽനിന്നു ലഭിക്കുന്ന ഭൗതികമായ അധികാരശക്തിയുടേയും, അനിയന്ത്രിതമായ വിളയാട്ടം നടന്നിരുന്ന ഇരുപതാം നൂറ്റാണ്ടിൽ, ഹിംസയിലും, അധർമ്മത്തിലും പടുത്തുയർത്തിയ ഭൗതികശക്തിയെ ആത്മീയശക്തികൊണ്ട് നേരിട്ട് ജയിക്കാമെന്ന് കാണിച്ചുകൊടുത്ത സർവ്വസംഗപരിത്യാഗിയായ ഒരു ലോകനേതാവായിരുന്നു മഹാത്മാഗാന്ധി.

‘വിദ്യാ വിനയസമ്പന്നേ,
ബ്രാഹ്മണ ഗവി ഹസ്തിനി
ശുനിശൈവ ശ്വപാകേച
പണ്ഡിതാഃ സമദർശിനഃ

എന്ന ഗീതാ വാക്യം അദ്ദേഹം ജീവിതത്തിൽ പ്രയോഗിച്ചുകാണിച്ചു. ഗീത തന്നെ സംബന്ധിച്ചിടത്തോളം, സ്വന്തം മാതാവുതന്നെയാണെന്ന് പലതവണ സധൈര്യം അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ഇന്നത്തെ പുരോഗമനവാദികളെന്ന് സ്വയം വിശേഷിപ്പിക്കുന്ന രാഷ്ട്രീയനേതാക്കൾ താൻ ഏതു മതക്കാരനാണെന്ന് പറയാൻ പോലും മടിക്കുന്നവരാണ്. തന്റെ മതത്തെ ബഹുമാനിക്കാൻ കഴിയാത്തവന്, അന്യമതത്തെ ബഹുമാനിക്കാൻ കഴിയാത്തവന്, അന്യമതത്തെ ബഹുമാനിക്കാൻ കഴിയുകയില്ലെന്ന് ഒരു സത്യം മാത്രമാണന്ന് ഗാന്ധിജി തറപ്പിച്ചു പറഞ്ഞിട്ടുണ്ട്. മനുഷ്യരും മൃഗവും തമ്മിലുള്ള ഒരു വ്യത്യാസം മനുഷ്യനു മതമുണ്ടെന്നുള്ളതും മൃഗത്തിന് അതില്ലന്നുള്ളതുമാണ് വിവേകാനന്ദസ്വാമികൾ പറഞ്ഞിട്ടുള്ളത് ഇവിടെ സ്മരണീയമാണ്.

**അലീന ബാബു**



# പുളിയൻ മുന്തിരിങ്ങ

*ദേവിക സുനിൽ*


നല്ല പഴുത്ത മുന്തിരങ്ങയുടെ മണം. കേളുക്കുറുക്കന് സന്തോഷമായി. അവന്റെ വായിൽ വെള്ളമൂറി. അവൻ പമ്മി പമ്മി തോട്ടത്തിലെത്തി. മുന്തിരക്കുലയെല്ലാം വളരെ ഉയരത്തി ലാണ് എങ്ങനെ കിട്ടും? കുറുക്കൻ ചിന്തിച്ചു. കൊതി അട ക്കാൻ വയ്യ. അവൻ മുന്തിരിക്കുലയ്ക്കു നേരെ വായും പൊളിച്ചു ചാടി നോക്കി. എത്ര ചാടിയിട്ടും മുന്തിരിക്കുലയുടെ അടുത്തെത്താൻ സാധിച്ചില്ല. ഈ കാഴ്ച കണ്ട് ചോണനുറു മ്പിനും ചിലന്തിക്കും ചിരിയടക്കാൻ കഴിഞ്ഞില്ല.

നാണംകെട്ട കേളു മുന്തിരിക്കുല നോക്കി പറഞ്ഞു.

“ആർക്കുവേണം ഈ പുളിയൻ മുന്തിരിങ്ങ”.



# അഗ്നിച്ചിറകുകളുടെ
# സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയ
# കർമ്മയോഗി



1980 ജൂലായ് 18നാണ് ഭാരതത്തിന്റെ മണ്ണിൽനിന്നും സ്വന്തമായൊരു ബഹിരാകാശവാഹനം - എസ്.എൽ.വി-3, അതിന്റെ കന്നിവിജയം കുറിച്ചത്. പിന്നീടുണ്ടായ ചന്ദ്രയാൻ, മംഗൾയാൻ തുടങ്ങിയ രാജ്യത്തിന്റെ ബഹിരാകാശരംഗത്തെ മഹാനേട്ടങ്ങളുടെ പിറവികൾക്കു ഹരിശ്രീ കുറിച്ച വിക്ഷേപണമായിരുന്നു അന്നു നടന്നത്. അതിന്റെ അമരക്കാരനായിരുന്നു തുമ്പയിൽ ടെക്നോ മാനേജുമെന്റിൽ അക്ഷയകലവറ തുറന്ന് റോക്കറ്റുകളുടെയും മിസൈലുകളുടെയും വിക്ഷേപണങ്ങൾക്കായി യുവത്വം മുഴുവനായും ഹോമിച്ച, അഗ്നിച്ചിറകുകളെ സദാ ഉപാസിച്ചിരുന്ന ഋഷിതുല്യനായ ഡോ. എ.പി.ജെ അബ്ദുൾ കലാം.

പ്രവർത്തന മികവിന്റെ സൂക്ഷ്മത, പൂർണ്ണത, സരളത, സൗമ്യത, ഇവയെല്ലാം സമ്മേളിക്കുന്ന ആ ജീവിതം ജനകോടികളുടെ വാത്സല്യവും ആരാധനയും നേടിയാണ് 2015 ജൂലായ് 21ന് കർമ്മനിരതനായ സൂര്യന്റെ അന്നത്തെ അസ്തമനത്തോടെ സമാധിയായത്.


രാമേശ്വരത്തു നിന്നാണ് ശ്രീരാമൻ ആദ്യമായി സമുദ്രത്തിലേക്ക് അമ്പു തൊടുത്തത്. ആ സ്മരണകളെ വണങ്ങി, അവിടെ നിന്നുയർന്നുവന്ന അഗ്നിജ്വാല കണക്കെ തിളങ്ങിനിന്ന ഈ പ്രതിഭാതാരം, പിന്നീട് അഗ്നി, പൃഥ്വി മിസൈലുകളുടെ പരമ്പര തീർത്ത് ഭാരതപ്രതിരോധ ഗവേഷണസംഘടനയുടെ ചുക്കാൻ പിടിക്കുന്നതിനുള്ള പ്രാപ്തി ആർജ്ജിച്ചു. അതിനു കാലം അരങ്ങൊരുക്കിയത് 1962 തുടങ്ങി ഇരുപതു വർഷക്കാലം ഭാരത ബഹിരാകാശ സംഘടനയേയും അതിന്റെ കളിത്തൊട്ടിലായ തുമ്പയിലെ കടൽത്തീരത്തേയും പരിശീലനക്കളരിയായി സ്വീകരിച്ചുകൊണ്ടാണ്.

ദീപ ഓമനക്കുട്ടൻ

# കേരളം ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| വിസ്ത്രീർണ്ണം | - | 28.863 ചതുരശ്ര കിലോമീറ്റർ |
| തീരദേശ ദൈർഘ്യം | - | 580 കി.മീ |
| നദികൾ | - | 44 (കിഴക്കോട്ടൊഴുകുന്നവ 3, പടിഞ്ഞാറോട്ട്- 41) |
| ഏറ്റവും വലിയ ജില്ല | - | പാലക്കാട് |
| ഏറ്റവും ചെറിയ ജില്ല | - | ആലപ്പുഴ |
| ഒടുവിൽ രൂപംകൊണ്ട ജില്ല | - | കാസർഗോഡ് |
| ആദ്യത്തെ മുഖ്യമന്ത്രി | - | എം.എം.എസ് |
| ആദ്യ ഗവർണർ | - | ബ. രാമകൃഷ്ണറാവു |
| ലോക്സഭാസീറ്റ് | - | 20 |
| രാജ്യസഭ | - | 9 |
| ജനസംഖ്യ (2011) | - | 3,34,06,061 |
| സ്ത്രീപുരുഷ അനുപാതം | - | 1084/1000 |

സബീന. എസ്



# കേരളചരിത്രത്തിൽ ആദ്യസ്ഥാനങ്ങൾ


| | | |
|---|---|---|
| ഗവർണർ | - | ബി. രാമകൃഷ്ണറാവു |
| സ്പീക്കർ | - | ശങ്കരനാരായണൻ തമ്പി |
| പ്രതിപക്ഷ നേതാവ് | - | പി.ടി.ചാക്കോ |
| മലയാളി വനിതാ ലോക്സഭാംഗം | - | ആനി മസ്ക്രിൻ |
| കോളേജ് | - | സി.എം.എസ് കോട്ടയം |
| മലയാള പത്രം | - | രാജ്യസമാചാരം |
| റേഡിയോ നിലയം | - | തിരുവനന്തപുരം |
| മലയാള ടെലിവിഷൻ സംപ്രേഷണം | - | ദൂരദർശൻ തിരുവനന്തപുരം (1985) |
| വനിതാ ഹൈക്കോടതി ജഡ്ജി | - | അന്നാചാണ്ടി |
| മലയാള സിനിമ | - | വിഗതകുമാരൻ |
| മലയാള ശബ്ദസിനിമ | - | കണ്ടംബെച്ച കോട്ട് |
| ഭരത് അവാർഡ് ജേതാവ് | - | പി.ജെ. ആന്റണി |
| നോവൽ | - | കുന്ദലത |
| മലയാള പുസ്തകം | - | സംക്ഷേപ വേദാർത്ഥം |
| സാക്ഷരത | - | 94% |
| സ്ത്രീ | - | 92.07% |
| പുരുഷന്മാർ | - | 96.11% |
| ഔദ്യോഗിക മൃഗം | - | ആന |
| ഔദ്യോഗിക പക്ഷി | - | മലമുഴക്കി വേഴാമ്പൽ |
| ഔദ്യോഗിക വൃക്ഷം | - | തെങ്ങ് |
| ഔദ്യോഗിക പുഷ്പം | - | കണിക്കൊന്ന |
| നീളം കൂടിയ നദി | - | പെരിയാർ |
| ഉയരം കൂടിയ കൊടുമുടി | - | ആനമുടി |
| ജനസംഖ്യകൂടുതൽ | - | മലപ്പുറം |
| ജനസംഖ്യ കുറവ് | - | വയനാട് |

ഗീതു രാജേന്ദ്രൻ

# കാട്ടിലെ കാനേഷുമാരി

ശ്രീലക്ഷ്മി. കെ.എസ്

ജനങ്ങളുടെ കണക്കെടുത്ത് അതിനനുസരിച്ചാണ് സർക്കാർ ഓരോ ക്ഷേമ, വികസന പ്രവർത്തനങ്ങളും നടപ്പാക്കുന്നത്. അതു പോലെ കാട്ടിലെ മൃഗങ്ങളുടെ പരിപാലനം നടത്തുന്നതിനും ഒരു കണക്ക് വേണം. അതിനുവേണ്ടിയാണ് കാടുകളിലെ വന്യജീവികളുടെ കണക്കെടുപ്പ്നടത്തുന്നത്.




സംസ്ഥാനതലത്തിൽ എല്ലാ മൃഗങ്ങളേയും ഉൾപ്പെടുത്തിയുള്ള അവസാന കണക്കെടുപ്പ് ഈ വർഷം 18, 19, 20 തീയതികളിലാണ് നടന്നത്. 1993, 1997, 2002 വർഷങ്ങളിൽ കേരളത്തിൽ വന്യജീവി കണക്കെടുപ്പ് നടത്തിയിരുന്നു. ദേശീയതലത്തിൽ 2005, 2007, 2010 എന്നീ വർഷങ്ങളിൽ കാട്ടാനകളുടെയും 2006, 2010 വർഷങ്ങളിൽകടുവകളുടെയും കണക്കെടുപ്പ് നടന്നു.

# ഭൂമിയുടെ ഹൃദയത്തിന് പ്ലൂട്ടോയുടെ വലിപ്പം

ഭൂമിയുടെ കാമ്പിന് പ്ലൂട്ടോയുടെ വലിപ്പം. ലിവർപൂൾ സർവകലാശാലയുടെ നേതൃത്വത്തിലുള്ള രാജ്യാന്തര പഠനസംഘമാണു പുതിയ നിഗമനം പുറത്തുവിട്ടത്. ഭൂമിയുടെ ഏറ്റവും ഉള്ളിലുള്ള ദ്രാവകരൂപത്തിലുള്ള പാളിയെ ശാസ്ത്രജ്ഞൻ "ഹൃദയം" എന്നാണ് വിളിക്കുന്നത്. ഇത് 150 കോടി വർഷം മുമ്പാണത്രേ രൂപമെടുത്തത്. നേരത്തെ 50 മുതൽ 200 കോടി വർഷം പഴക്കമാണു കാമ്പിനു കണക്കാക്കിയിരുന്നത്.

ഇതിനു തൊട്ടു പുറത്തുള്ള പാളിയിൽ അടങ്ങുന്നത് ഇരുമ്പാണ്. ഭൂമിനിരപ്പിൽനിന്ന് 2900 കിലോമീറ്റർ ആഴത്തിലാണ് കാമ്പ് തുടങ്ങുന്നത്. ഇതിന് 1220 കിലോ മീറ്റർ ചുറ്റളവാണ് പ്രതീക്ഷിക്കുന്നത്. ഇരുമ്പ്, നിക്കൽ എന്നിവയാണ് കാമ്പിൽ അടങ്ങിയിരിക്കുന്നത്. 5400 ഡിഗ്രി സെൻഷ്യസാണ് താപനില. ഇവിടേക്ക് എത്തിപ്പെടാൻ നിലവിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചു കഴിയില്ല. ഭൂമിയുടെ കാമ്പ് പ്രതീക്ഷിച്ചതിനേക്കാൾ തണുത്തതെന്ന് ഗവേഷണ സംഘാംഗമായ ഡോ. ആൻഡി ബിഗ്ഗിൻ അറിയിച്ചു.

രമ്യ രമേശ്



# ഐ.റ്റി ക്വിസ്

**അതുല്യ ഗിരീഷ്**

1) ക്രിയ ചെയ്യാൻ ഉപയോഗിച്ചിരുന്ന അതിപുരാതന ഉപകരണം

അബാക്കസ്

2) RAM-ന്റെ പൂർണരൂപം

റാൻഡം ആക്സസ് മെമ്മറി

3) ആദ്യ ഹൈ ലെവൽ കമ്പ്യൂട്ടർ ലാംഗ്വേജ്?

FORTRAN

4) സൂപ്പർ കമ്പ്യൂട്ടർ കണ്ടെത്തിയ വ്യക്തി?

സെയ്മർ ക്രെയ്

5) വ്യാവസായിക അടിസ്ഥാനത്തിൽ ലഭ്യമാക്കപ്പെട്ട ആദ്യ കമ്പ്യൂട്ടർ

UNIVAC-1

6) കമ്പ്യൂട്ടർ ചരിത്രത്തിലെ ആദ്യ പ്രോഗ്രാമറായി വിശേഷിപ്പിക്കപ്പെടുന്നത്?

ആഗസ്റ്റ് ആഡ് ലോവലസ്

7) മൗസിലെ ഏറ്റവും പ്രധാനപ്പെട്ട ബട്ടൺ?

ലെഫ്റ്റ് ബട്ടൺ

8) BASIC പൂർണരൂപം

Beginners All purpose symbolic Instruction Code.

9) മെഷീൻ ലാംഗ്വേജിൽ ഉപയോഗിക്കുന്ന രണ്ട് സംഖ്യകൾ ഏതൊക്കെ?

0, 1

10) കമ്പ്യൂട്ടറിന്റെ പിതാവ് എന്നിറിയപ്പെടുന്ന വ്യക്തി


ചാൾസ് ബാബേജ്


# I.T QUOTES














ജിസ്നമോൾ ബിന്ദു

# Technology Facts





### Computer Facts

Enjoy some great computer facts and interesting information about these amazing devices which play such an important role in our modern day lives.

Learn about parts of the computer such as the RAM, ROM and CPU as well as fun info about how we use computers to make our lives easier and more enjoyable.

- Early electronic computers, developed around the 1940's, were the size of a large room and consumed huge amounts of electricity. They were vastly different to the modern computers we use today, especially when compared to small and portable laptop computers.
- Computers are programmed to carry out instructions. These instructions are usually very simple and require adding numbers together, moving data from one place to another etc.
- A computer program can include as little as a few instructions to upwards of millions of instructions depending on the complexity of the program. Modern applications such as word processors, web browsers and graphic editors take large teams of programmers a long time to complete.
- A computer's memory stores numbers in huge amounts of cells that are addressed and can be quickly accessed by the CPU to perform calculations. There are two main types of computer memory, ROM (read only memory) and RAM (random access memory). ROM contains pre-written software and data that the CPU can only read, while RAM can be accessed and written to at any time.
- Computers interact with a number of different I/O (input/output) devices to exchange information. These peripheral devices include the keyboard, mouse, display, hard drive, printer and more.
- Computers are used to help link the world in the form of networks. Networked computers allow users to share and exchange data that is stored in different locations. You may have heard of a local area network (LAN) or wide area network (WAN) which connects areas of various sizes. The Internet is a vast network of computers spanning the globe that allows users to access email, the World Wide Web and other applications.
- Although we normally think of computers as the ones we use in our everyday lives to surf the web, write documents etc, small computers are also embedded into other things such as mobile phones, toys, microwaves and MP3 players. We use computers all the time, often without even knowing it!

**Archana Reghunath**

# Technology Fact



**Internet Facts**

Learn some great Internet facts and interesting information about the World Wide Web.

What's the difference between the Internet and the World Wide Web? Find out this and many more fun technology fact for kids.

- Although the World Wide Web is often referred to as the Internet, the two are not the same thing. The Internet is a huge network of networks that links computers together all over the world using a range of wires and wireless technologies. The World Wide Web is the collection of linked pages that are accessed using the Internet and a web browser.
- English physicist Sir Tim Berners-Lee is regarded as having invented the World Wide Web in 1989. Since then he has continued the development of web standards and other web related projects.
- Website addresses such as http://www.sciencekids.co.nz are known by the term Uniform Resource Locater (URL).
- The domain name system of the Internet includes top level domains such as .com, .info, .net, .org, .edu, .mil and .gov as well as country specific domains and more.
- As well as the World Wide Web, the Internet is used for such application as email, file sharing, online chat, phone and video calls, online gaming and more.
- Thanks to the increasing accessibility of the Internet, the popularity of the web has exploded over the last 10 years. The web is now used for a number of different purposes including online shopping, social networking, games, news, travel information, business, advertising and much more.
- Social networking websites such as Facebook, Google+ and Twitter have become popular over the last few years. People now spend a large amount of their time online keeping in touch with each other through these applications and services.
- Security and privacy concerns have always been a problem on the Internet with many people often unaware of the potential risks they take when inputting confidential data, passwords and personal information into various websites. Viruses and spam emails are other sources over security concerns which frequently cause disruptions and headaches for users of the web.
- One of the best and most common ways of finding information on the web is through the use of search engines such as Google and Bing. Google is currently the most popular search engine, receiving hundreds of millions of search queries every day

**Athiramol. K.S**


# Technology Word Search

**Name** ______________________________ **Date** ________________________

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| O | S | S | E | C | E | D | U | C | A | T | I | O | N | F | W | P | S |
| W | S | T | N | O | W | U | Y | J | S | D | O | W | N | L | O | A | D |
| F | C | E | I | M | L | Y | L | A | C | E | R | A | W | T | F | O | S |
| Y | I | G | H | M | I | Y | P | I | I | C | O | M | P | U | T | E | R |
| R | E | D | C | U | B | G | D | N | N | I | H | S | Q | W | F | A | T |
| A | N | A | A | N | A | R | U | N | O | U | N | H | P | U | C | R | V |
| T | C | G | M | I | T | E | H | O | R | J | K | T | T | A | O | N | Q |
| I | E | J | W | C | T | N | S | V | T | Y | S | U | E | P | C | J | K |
| L | D | E | K | A | E | E | K | A | C | U | R | P | S | R | N | E | E |
| I | N | M | S | T | R | Q | Q | T | E | E | D | N | Z | O | N | C | I |
| M | V | X | M | I | Y | W | F | I | L | Z | A | W | F | D | S | E | E |
| B | R | D | F | O | M | Z | U | O | E | R | S | L | O | O | T | Z | T |
| B | R | T | G | N | G | P | O | N | T | H | C | R | A | E | S | E | R |

| | | |
|---|---|---|
| BATTERY | COMMUNICATION | COMPUTER |
| DOWNLOAD | EDUCATION | ELECTRONICS |
| ENERGY | FUTURE | GADGETS |
| INNOVATION | INTERNET | MACHINE |
| MILITARY | NEW | RESEARCH |
| SCIENCE | SOFTWARE | SPACE |
| TOOLS | TRANSPORT | |

**Aparna Ajayan**



# സോഫിയ (റോബോട്ട്)

കൃത്രിമബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമിച്ച യന്ത്രമനുഷ്യനാണ് **സോഫിയ**. സംസാരിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിവുള്ള ഹ്യൂമനോയ്ഡ് റോബോട്ടാണ് ഇത്. ഹാൻസൺ റോബോട്ടിക്സാണ് സോഫിയയുടെ നിർമാതാക്കൾ ഒരു രാജ്യം പൗരത്വം നൽകുന്ന ആദ്യത്തെ റോബോട്ടാണ് സോഫിയ. സൗദിയിൽ നടക്കുന്ന ഭാവിനിക്ഷേപസംരംഭ സമ്മേളനത്തിൽ വച്ച് 2017 ഒക്ടോബർ 25 നാണ് സൗദി സർക്കാർ സോഫിയക്ക് പൗരത്വം നൽകിയത്.

### സവിശേഷതകൾ

നിർമ്മാതാക്കളുടെ അറിയിപ്പനുസരിച്ച്, സോഫിയയ്ക്ക് കൃത്രിമബുദ്ധിയുണ്ട്. വിവരവിശകലനത്തിനും മുഖഭാവം തിരിച്ചറിയുന്നതിനുമുള്ള കഴിവുമുണ്ട്. മനുഷ്യരുടെ അംഗചേഷ്ഠകൾ അനുകരിക്കാനും ചില ചോദ്യങ്ങൾക്ക് മറുപടി നൽകാനും സാധിക്കുന്നു

## ചരിത്രം

2015 ഏപ്രിൽ 15 നാണ് സോഫിയ പ്രവർത്തനക്ഷമമായത്. പ്രശസ്ത നടി ഓഡ്രി ഹെപ്ബേണിനെ മാതൃകയാക്കിയാണ് സോഫിയയെ രൂപകൽപന ചെയ്തത്.

**പ്രിയദർശിനി പ്രകാശ്**